**‘ഭരണഭാഷ-മാതൃഭാഷ’**

## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്
## സാന്നിദ്ധ്യം:കെ.വി മോഹൻകുമാർ ഐ.എ.എസ്

വിഷയം: പൊതു. വിദ്യാഭ്യാസം - ജീവനം – ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ സമാന തസ്തികയിലെ ഓൺലൈൻ സ്ഥലംമാറ്റം സംബന്ധിച്ച വിഷയത്തിലെ കൃത്യവിലോപം- സംബന്ധിച്ച്.

വായന:- 1) ഈ ഓഫീസിലെ 20.02.2017, 28.03.2017, 05.05.2017 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ
2) ഈ ഓഫീസിലെ 17.05.2017 ലെ ഇതേ നമ്പർ വിശദീകരണ മെമ്മോ
3) 23.05.2017 ലെ വിദ്യാഭ്യാസ ഉപഡയറക്ടർ കോട്ടയത്തിന്റെ എ5/1104/17 നമ്പർ കത്തിൽ ഉള്ളടക്കം ചെയ്ത വിശദീകരണ മെമ്മോയുടെ മറുപടികൾ

**ഉത്തരവ് നമ്പർ ഡി5/6000/2017/ഡി.പി.ഐ.തീയതി 06/06/2017**

പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ പ്രഥമാദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ ജോലി നോക്കുന്നവരിൽ നിന്നും 2017-18 വർഷത്തേക്കുള്ള ഓൺലൈൻ പൊതുസ്ഥലംമാറ്റം സംബന്ധിച്ച് നിർദ്ദേശങ്ങൾ വായന (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് വേക്കൻസികൾ അപ്ലോഡ് ചെയ്യേണ്ടതും, അപേക്ഷകൾ വിശദമായി പരിശോധിക്കേണ്ടതും ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാരാണ്. വേക്കൻസികൾ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുമ്പോൾ വേണ്ടത്ര പരിശോധന നടത്തേണ്ടതും, കൃത്യത ഉറപ്പാക്കേണ്ടതുമാണെന്ന് വായന (1) പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് കർശ്ശന നിർദ്ദേശം നൽകിയിരുന്നു. എന്നാൽ കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടർ കോഡ് നം.45020, ഗവൺമെന്റ് ബോയ്സ് എച്ച്.എസ് പെരുവ, എന്ന സ്കൂളിന്റെ ഒഴിവ് റിപ്പോർട്ട് ചെയ്യേണ്ടതിന് പകരം കോഡ് നമ്പർ 45019 ഗവ.വി.എച്ച്.എസ്.എസ് പെരുവയാണ് വെബ്സൈറ്റിൽ അപ്ലോഡ് ചെയ്തത്. ഇത്തരത്തിൽ തെറ്റായി വേക്കൻസി വെബ്സൈറ്റിൽ അപ്ലോഡ് ചെയ്തതിനാൽ സംസ്ഥാനത്തെ സർക്കാർ ഹൈസ്കൂൾ പ്രഥമാദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിലെ താല്കാലിക പൊതുസ്ഥലംമാറ്റ ലിസ്റ്റ് നിശ്ചിത സമയപരിധിക്കുള്ളിൽ ഈ ഓഫീസിൽ നിന്നും പുറപ്പെടുവിക്കുവാൻ സാധിച്ചില്ല. മാത്രവുമല്ല ടി സോഫ്റ്റ്വെയർ യഥാവിധി റൺ ചെയ്യാനാവാത്ത സാഹചര്യവും ഉണ്ടായി ടി വിഷയം ഗൗരവമുള്ളതായി കണ്ടെത്തി കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഈ ഓഫീസിൽ നിന്നും വായന (2) പ്രകാരം വിശദീകരണ മെമ്മോ നൽകിയിരുന്നു.

അതോടൊപ്പം തന്നെ സഹതാപാർഹമായ സ്ഥലംമാറ്റത്തിന് മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന അദ്ധ്യാപകരെ മാത്രമേ പരിഗണിക്കാവൂവെന്ന്

വായന (1) പ്രകാരം കർശ്ശന നിർദ്ദേശം നൽകിയിരുന്നു. കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടർ ടി നിർദ്ദേശവും പാലിച്ചിട്ടില്ല. ടി വിഷയവും കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഭാഗത്തുനിന്നുള്ള അതീവ ഗൗരവമേറിയ കൃത്യവിലോപമായി തന്നെ കാണുന്നു.

ടി വിഷയത്തിൽ വായന (3) പ്രകാരം സമർപ്പിച്ച വിശദീകരണ മെമ്മോയുടെ മറുപടികൾ വിശദമായി പരിശോധിച്ചു. ടി മറുപടി അംഗീകരിച്ച് ശ്രീമതി സുധ.കെ വിദ്യാഭ്യാസ ഉപഡയറക്ടർ, കോട്ടയം, ശ്രീ.പി.ജെ ജോർജ്ജ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ശ്രീമതി ഇ.ജി ശോഭന സീനിയർ സൂപ്രണ്ട്, ശ്രീ.ജിനേഷ് ജോൺ ക്ലാർക്ക് എന്നിവരെ ഇനിയും ഇത്തരത്തിൽ കൃത്യവിലോപങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ മറ്റൊരു അറിയിപ്പ് കൂടാതെ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു. ഇത്തരത്തിൽ കൃത്യവിലോപം കാട്ടിയ മുകളിൽ പ്രസ്താവിച്ച ഉദ്യോഗസ്ഥരെ 'താക്കീത്' ചെയ്ത്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം

ഡി.സന്തോഷ്കുമാർ
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താക്കൾ:-

1. വിദ്യാഭ്യാസ ഉപഡയറക്ടർ, കോട്ടയം

പകർപ്പ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (അറിവിലേക്കായി)
2. വിജിലൻസ് സെക്ഷൻ
3. കരുതൽ ഫയൽ